പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 80 — 27.04.2017-ൽ മറുപടിക്ക്

## പ്ലാസ്റ്റിക് മാലിന്യങ്ങൾ മത്സ്യസമ്പത്തിന് ഉണ്ടാക്കുന്ന നാശം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ഡോ. എം.കെ.മുനീർ**<br>**ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്**<br>**ശ്രീ. കെ.എം. ഷാജി**<br>**ശ്രീ. പി.കെ. അബ്ദു റബ്ബ്** | | **ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ**<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | സംസ്ഥാനത്തിന്റെ തീരക്കടലിൽ ഒഴുകിയെത്തുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ മത്സ്യസമ്പത്തിന് ഉണ്ടാക്കുന്ന നാശനഷ്ടങ്ങളെക്കുറിച്ച് സർക്കാർ തലത്തിൽ പഠനമെന്തെങ്കിലും നടന്നിട്ടുണ്ടെങ്കിൽ വിശദമാക്കുമോ; | (എ) | ഇല്ല. |
| (ബി) | പ്ലാസ്റ്റിക് വിഷം മത്സ്യങ്ങളിലൂടെ മനുഷ്യരിൽ കടന്നുകൂടി മാരക രോഗങ്ങൾക്കിടയാക്കുന്നുണ്ടെന്ന കൊച്ചിൻ യൂണിവേഴ്സിറ്റി സ്കൂൾ ഓഫ് മറൈൻ സയൻസ് നടത്തിയ പഠനങ്ങളിലെ കണ്ടെത്തൽ പരിശോധിച്ചിട്ടുണ്ടോ; | (ബി) | പരിശോധിച്ചിട്ടില്ല. |
| (സി) | എങ്കിൽ തീരക്കടലിലെ പ്ലാസ്റ്റിക് നിക്ഷേപം കുറച്ചുകൊണ്ടുവരാനും, നീക്കം ചെയ്യാവുന്നവ നീക്കം ചെയ്യാനും ഫിഷറീസ് വകുപ്പ് പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുമോ? | (സി) | തീരപ്രദേശത്തെ/തീരക്കടലിലെ പ്ലാസ്റ്റിക് നിക്ഷേപം കുറച്ചുകൊണ്ടുവരുന്നതിനും സംസ്കരണത്തിനും മികച്ച ശുചിത്വബോധം, ശീലം എന്നിവ പ്രദാനം ചെയ്യുക എന്നീ ലക്ഷ്യങ്ങളുമായി ശുചിത്വതീരം എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും ശുചിത്വ മിഷന്റെയും സഹകരണത്തോടും പങ്കാളിത്തത്തോടെയുമാണ് 'ശുചിത്വതീരം' പദ്ധതി നടപ്പാക്കുന്നത്. പദ്ധതിയുടെ ഭാഗമായി വൃത്തിയുള്ളതും ഉപയോഗക്ഷമവുമായ ടോയ് ലറ്റ് സൗകര്യം ഒരുക്കുന്നതിനും കടൽതീരം വൃത്തിയാക്കി നിലനിർത്തുന്നതിനും വേണ്ടി ആവശ്യമായ ഡെസ്റ്റ് ബിന്നുകൾ അതിലൂടെ ശേഖരിക്കുന്ന ഖരമാലിന്യങ്ങളെ ജൈവ-അജൈവങ്ങളായി തരം തിരിക്കുകയും അജൈവ മാലിന്യങ്ങളിൽ വിശിഷ്യാ പ്ലാസ്റ്റിക് മാലിന്യങ്ങൾ തരംതിരിച്ച് റോഡ് നിർമ്മാണത്തിന് പ്രയോജനപ്പെടുത്തുന്നതിനുമാണ് ഉദ്ദേശിക്കുന്നത്. |

| | | | |
|---|---|---|---|
| | | | പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി ബോധവൽക്കരണ പരിപാടികളും നടത്തി വരുന്നു. ശുചിത്വമിഷനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും കണ്ടെത്തിയിട്ടുള്ള ഏജൻസികൾ മുഖാന്തിരമാണ് പദ്ധതിയിലൂടെ ശേഖരിക്കുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ സംസ്കരിക്കുന്നത്. ജനകീയ പങ്കാളിത്തം ഉറപ്പാക്കുന്നതിനായി മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾ, വനിത സ്വയംസഹായ സംഘങ്ങൾ, എൻ.ജി.ഒ കൾ, കമ്മ്യൂണിറ്റി ഓർഗനൈസേഷനുകൾ, ബാങ്കുകൾ, സ്കൂളുകൾ, സ്വകാര്യ സ്ഥാപനങ്ങൾ, പൊതുജനങ്ങൾ എന്നിവരുടെ പൂർണ്ണ സഹായ സഹകരണത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്. |

സെക്ഷൻ ഓഫീസർ